**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2071** **12-09-2023 - ൽ മറുപടിയ്ക്ക്**

**കേരള കായിക ക്ഷമതാ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കേരള കായിക ക്ഷമതാ മിഷൻ വഴി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ദൈനദിന വ്യായാമം ഇല്ലായ്മ കാരണം കുട്ടികളിലും, വിദ്യാർത്ഥികളിലും, യുവതീയുവാക്കളിലും, മുതിർന്ന പൗരന്മാരിലും ഉൾപ്പെടെ കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുവെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച അതേ മാതൃകയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടേയും, പൊതുജനങ്ങളുടേയും ശാരീരിക ക്ഷമതയെക്കുറിച്ച് അവബോധം സൃഷ്ടിച്ച് അവരെ കായികക്ഷമതയുള്ളവരായി മാറ്റുന്നതിന് വിഭാവനം ചെയ്യുന്ന ഒരു പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തദ്ദേശ സ്പോർട്സ് കൗൺസിൽ രൂപീകരണം പൂർത്തിയായി വരികയും ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എല്ലാ പഞ്ചായത്തുകളിലും പരിപാടികൾ നടപ്പിലാക്കാൻ രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ബി) | ദൈനദിന വ്യായാമം ഇല്ലായ്മ കാരണം കുട്ടികളിലും, വിദ്യാർത്ഥികളിലും, യുവതീയുവാക്കളിലും, മുതിർന്ന പൗരന്മാരിലും ഉൾപ്പെടെ കായികക്ഷമതയുടെ കുറവ് അനുഭവപ്പെടുന്നുവെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ച അതേ മാതൃകയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടേയും, പൊതുജനങ്ങളുടേയും ശാരീരിക ക്ഷമതയെക്കുറിച്ച് അവബോധം സൃഷ്ടിച്ച് അവരെ |

| | | | |
|---|---|---|---|
| | | | കായികക്ഷമതയുള്ളവരായി മാറ്റുന്നതിന് വിഭാവനം ചെയ്യുന്ന ഒരു പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. പ്രസ്തുത പദ്ധതിക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്വീകരിച്ചുവരുന്നു.<br><br>സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തദ്ദേശ സ്പോർട്സ് കൗൺസിൽ രൂപീകരണം പൂർത്തിയായി വരികയും ബന്ധപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ നേതൃത്വത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ